പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3669

10/04/2013-ൽ മറുപടിക്ക്

## കുടുംബശ്രീ വനിതകൾക്ക് അവസരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| (എ) | ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ ദൈനംദിനപ്രവർത്തനങ്ങളിൽ കുടുംബശ്രീ വനിതകൾക്ക് അവസരം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഏതെല്ലാം മേഖലകളിൽ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചുവരികയാണ്. |
| (സി) | ഗ്രാമപഞ്ചായത്തുകളിലെ 'ഫ്രണ്ട് ഓഫീസ്' സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകളിലെ നിലവിലെ 'ഫ്രണ്ട് ഓഫീസ്' സംവിധാനം ചുവടെ പറയും പ്രകാരമാണ്.<br><br>പുതുതായി രൂപീകരിച്ച ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 02-07-2009 ലെ സ.ഉ. (കൈ) നം. 123/2009/തസ്വഭവ പ്രകാരമാണ് ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചത്. പതിനൊന്നാം പദ്ധതിയുടെ മുൻഗണനാ വിഷയങ്ങളിൽ ഒന്നായിരുന്നു സദ്ഭരണവും ഉയർന്ന നിലവാരത്തിലുള്ള സേവന നിലവാരവും. ഈ വസ്തുത കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകളുടെ ഭരണ നിർവ്വഹണവും ആഭ്യന്തര നിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള |

സേവനം യഥാസമയം ലഭ്യമാക്കുന്നതിനും ആഫീസിനുള്ളിൽ ജനങ്ങൾ കൂട്ടം കൂടി നിൽക്കുന്നതും അതുമൂലം ഓഫീസ് ജോലികൾ ചെയ്യുന്നതിനുള്ള അസൗകര്യം ഒഴിവാക്കുന്നതിനുമായി 'ആദ്യം വരുന്നവർക്ക് ആദ്യം സേവനം' എന്ന തത്വം അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം ആരംഭിച്ചിട്ടുള്ളത്. ഫ്രണ്ട് ആഫീസ് സംവിധാനം കാര്യക്ഷമമായി നടക്കുന്നു എന്ന് വിലയിരുത്തുന്നതിന് എല്ലാ ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർമാർ പ്രതിമാസം കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് ഡയറക്ടർമാർ പ്രതിമാസം കുറഞ്ഞത് 10 ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് പരിശോധന നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തി പ്രവർത്തനം വിലയിരുത്തി വരുന്നു.

പൊതുജനങ്ങൾ തങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും അതിനാവശ്യമായ സമയത്തെക്കുറിച്ചും വിവരം ലഭിക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രധാനപ്പെട്ട സേവനങ്ങളിൽ ഉൾപ്പെടുന്നവയാണ് ജനന-മരണ രജിസ്ട്രേഷൻ, അവയുടെ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, അവയുടെ സർട്ടിഫിക്കറ്റ്, വിവിധതരം പെൻഷനുകൾ, തൊഴിൽ രഹിത വേതനം, കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ള പെർമിറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എന്നിവ.

ഗ്രാപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം ദീർഘിപ്പിക്കുകയും 16-10-2012 ലെ സ.ഉ. (സാധാ) നം. 2876/2012/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പണമിടപാടുകളും അനുബന്ധകാര്യങ്ങളും ഒഴിച്ചുള്ള സംഗതികളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാക്കി പുനഃക്രമീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ